# വിദ്യാരംഗം കലാസാഹിത്യവേദി ശിൽപ്പശാല 2015 - ഹൈസ്കൂൾ തലം

## ക്ലാസ് തലം/സ്കൂൾ തലം

ഒക്ടോബർ 15 മുതൽ 30 വരെയുള്ള ദിവസങ്ങൾക്കുള്ളിൽ ക്ലാസ്തല / സ്കൂൾതല ശിൽപ്പശാലകൾ പൂർത്തിയാക്കണം.

**മേഖലകൾ**

- കഥരചന
- കവിതരചന
- കാവ്യാലാപനം
- ചിത്രരചന
- നാടൻപാട്ട്
- പുസ്തക ചർച്ച
- തിരക്കഥ

ക്ലാസിൽ ‘ ഓമനത്തിങ്കൾ കിടാവോ (ഇരയിമ്മൻ തമ്പിയുടെ) എന്നു തുടങ്ങുന്ന പാട്ടോടുകൂടി ആരംഭിക്കുന്നു’ - ഐ.സി.റ്റി സാധ്യതകൾ പ്രയോജനപ്പെടുത്തിയോ ക്ലാസിൽ പാട്ട് ചൊല്ലിയോ അവതരണം/ എല്ലാകുട്ടികളും പങ്കുചേരണം.

ഇതേ പോലുള്ള പാട്ടുകൾ, സിനിമാഗാനങ്ങൾ, കവിതകൾ കേട്ടിട്ടുണ്ടോ എന്ന ചോദ്യത്തിലൂടെ കൂടുതൽ പാട്ടുകളിലേയ്ക്ക്.

(മറ്റ് പാട്ടുകൾ കുട്ടികൾ പാടുന്നു)

ഉണ്ണീ വാവാവോ-----

താമരക്കണ്ണനുറങ്ങേണം            സിനിമാഗാനങ്ങൾ

പാട്ടുപാടിയുറക്കാം

ആത്മാവിൽ ഒരു ചിത - വയലാർ

മാമ്പഴം - വൈലോപ്പിള്ളി

തോരാമഴ - റഫീഖ് അഹമ്മദ്

തുടങ്ങിയവ പരിചയപ്പെടുത്താനും ഓർമ്മപ്പെടുത്താനും ശ്രദ്ധിക്കണം.

സിനിമാഗാനങ്ങൾ/ നാടക ഗാനങ്ങൾ എന്നിവ ക്ലാസ് മുറികളിൽ കേൾക്കാനുള്ള അവസരം ലഭ്യമാക്കണം.

ടെക്സ്റ്റ് ബുക്കുകളിൽ പഠിച്ചതോ മുമ്പ് പഠിച്ചതോ ആയ കവിതകളുടെ കുറച്ച് വരികൾ ഓരോ കുട്ടിയും ആലപിക്കണം. ക്ലാസിൽ പദ്യകേളി നടത്തണം. ഓരോ റൗണ്ടിലും വിലയിരുത്തണം.

കുട്ടികൾ ചൊല്ലുന്ന കവിതകൾ/പാട്ടുകൾ ആരുടെ വരികളാണെന്ന് ബോധ്യപ്പെടുത്താനുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

ഈണം/ഭാവം/താളം/പദച്ഛേദം/ ആശയബോധം എന്നിവയിലുള്ള ശ്രദ്ധയെ വിലയിരുത്തലിന് വിധേയമാക്കണം. സ്വയം വിലയിരുത്താനും പരസ്പരം വിലയിരുത്താനും അവസരം ഉണ്ടാകണം.

ഏതെങ്കിലും പ്രത്യേക കവിതകൾ തെരഞ്ഞെടുത്ത് ക്ലാസിൽ കുട്ടികളെക്കൊണ്ട് ആലാപനം നടത്തിയും ആസ്വാദന /ആലാപന ശേഷിയെ വികസിപ്പിക്കാം. ഇങ്ങനെ വിവിധ ഘട്ടങ്ങളിൽ മികച്ച ആലാപനം നടത്തിയ 2/3 കുട്ടികളെയാണ് സ്കൂൾതല ശിൽപ്പശാലയിൽ പങ്കെടുപ്പിക്കേണ്ടത്.

2. **<u>നാടൻപാട്ട്</u>**

കുട്ടികൾ അവർക്കറിയാവുന്ന നാടൻ പാട്ടുകൾ വ്യക്തിഗതമായി ക്ലാസിൽ അവതരിപ്പിക്കണം. ഭാഷ/ദേശം/കാലം/ഭാവം/ ഈണം/താളം/ വായ്ത്താരി എന്നിവ പൊതുവായ ചർച്ചയ്ക്ക് വിധേയമാക്കണം. നാടൻപാട്ടുകൾ അനുകരിച്ച് പാടുക എന്നതിലുപരി ഭാഷയുടെ വൈവിധ്യവും ഭാഷയുടെ വളർച്ചാ ഘട്ടത്തിലെ പ്രത്യേകതകളും ചർച്ചചെയ്യപ്പെടണം. സാമൂഹിക ജീവിതാവസ്ഥയുടെ പരിച്ഛേദമായ നാടൻപാട്ടിന്റെ അകം പുറം അറിയാൻ അവസരം ഉണ്ടാകണം.

പ്രത്യേകമായി തെരഞ്ഞെടുത്ത നാടൻപാട്ടുകൾ ചർച്ചയ്ക്ക് വിധേയമാക്കണം. ഓരോ കുട്ടിയും വ്യക്തിഗതമായി അവതരിപ്പിക്കണം. 2/3 കുട്ടികളെ സ്കൂൾ തല ശിൽപ്പശാലയിലേക്ക് തെരഞ്ഞെടുക്കണം.

3. **കഥാരചന**

കാവ്യാലാപനം, നാടൻപാട്ട് എന്നീ ഘട്ടങ്ങളിലൂടെ കടന്നുവന്ന കുട്ടികൾക്ക് കൂടുതൽ സാധ്യതകളാണ് പരിചയപ്പെട്ടത്. കഥ വായിക്കാനും അറിയാനും ഉള്ള അവസരം എല്ലാ കുട്ടികൾക്കും ലഭ്യമാകേണ്ടതുണ്ട്. വ്യത്യസ്ത കാലഘട്ടങ്ങളിൽ രചിക്കപ്പെട്ട കഥകൾ വായിക്കാനുള്ള ഇടമായി ക്ലാസ് മുറികൾ മാറണം. കഥാര ചനാ ശിൽപശാലയ്ക്കു മുമ്പായി തന്നെ തെരഞ്ഞെടുത്ത കുറെ കഥകൾ വായന യ്ക്കായി നൽകണം. കഥയെ വ്യക്തിഗത വായനയ്ക്കുശേഷം സംഘത്തിൽ അവ തരിപ്പിക്കണം. കഥയുടെ ആത്മാംശത്തെ തൊട്ടറിയാൻ സാധിക്കണം. ഇങ്ങനെ ഓരോ കുട്ടിയുടെയും ഗ്രൂപ്പിന്റെയും പങ്കുവെയ്ക്കലുകൾ കഥാരചനയുടെ ഉള്ളറക ളിലേക്ക് വെളിച്ചം വീശുന്നവയായിരിക്കണം. കഥയ്ക്ക് വിഷയമായിത്തീർന്ന കാര്യ ങ്ങൾ പലതാണെന്നും ജീവനുള്ളവയും ഇല്ലാത്തവയും മനുഷ്യനും പക്ഷികളും മൃഗങ്ങളും തുടങ്ങി എല്ലാം കഥയുടെ വിഷയമായിത്തീർന്നുവെന്നതും കുട്ടി അറി യണം. ഇങ്ങനെ വിഷമായിത്തീർന്ന കാര്യങ്ങൾ ചാർട്ട് ചെയ്തതിനുശേഷം അതിൽനിന്ന് പൊതുവായ വിഷയങ്ങൾ സ്വീകരിക്കുന്നതാവും രചനയ്ക്ക് കൂടു തൽ ഫലപ്രദമാകുക. പ്രത്യക്ഷമായി വിഷയം നൽകുന്നതിനുപകരം വിഷയ ത്തിന്റെ വ്യാപ്തി പ്രയോജനപ്പെടുത്തുന്ന തരത്തിൽ നൽകുന്നതായിരിക്കും ഉചി തം.

ലഭിച്ച വിഷയത്തെ ആസ്പദമാക്കിയുള്ള രചനകളെ സ്വയം വിലയിരു ത്താനും പരസ്പരം വിലയിരുത്താനും അവസരങ്ങൾ ഉണ്ടാകണം. 'കഥയരങ്ങ് ക്ലാസിൽ സംഘടിപ്പിക്കാം. ഓരോ കുട്ടിയേയും കഥയുടെ വ്യത്യസ്ത രചനാ പരി സരങ്ങളെ പരിചയപ്പെടുത്താൻ ശ്രദ്ധിക്കണം. മികച്ച കഥാരചന നടത്തിയ 2/3 കുട്ടികളെ തെരഞ്ഞെടുക്കണം.

4. **കവിതാരചന**

മലയാളത്തിലെ വ്യത്യസ്ത കവിതകൾ പരിചയപ്പെടാനുള്ള അവസരം ഉണ്ടാകണം. ഈ കവിതയിൽ വിഷയമായ കാര്യങ്ങൾ എന്തൊക്കെയെന്ന് കുട്ടി തിരിച്ചറിയണം. കുട്ടിക്ക് തന്റേതായ വിഷയം  രചനയ്ക്ക് തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുണ്ട്. എങ്കിലും പൊതുവായ വിഷയം സ്വീകരിക്കുന്നതാണ് അഭികാമ്യം. ഓരോ രചനയുടേയും പ്രത്യേകതകൾ ക്ലാസിൽ പരിചയപ്പെടാൻ അവസരമൊരുക്കണം. രചനയുടെ തലങ്ങൾ   ബോധ്യപ്പെടണം. ഇതിനുശേഷം വിഷയബന്ധിതമായി രചിച്ച കവിതകൾ വിലയിരുത്തി 2/3 കുട്ടികളെ സ്കൂൾതല ശിൽപ്പശാലയിലേക്ക് തെരഞ്ഞെടുക്കണം.

5. **പുസ്തക ചർച്ച – (അകംപുറം)**

കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ പേര്, കർത്താവ്  എന്നിവ ക്ലാസിൽ ചർച്ച/ചാർട്ട് ചെയ്യൽ.  ഓരോരുത്തരും വായിച്ച വിവിധ  തരത്തിലുള്ള പുസ്തകങ്ങൾ പരസ്പരം പരിചയപ്പെടാനുള്ള അവസരം.

വായിച്ച പുസ്തകത്തെക്കുറിച്ച് കുട്ടികൾക്ക് അഭിപ്രായം പറയാനുള്ള സമയം നൽകണം. കഥാപാത്രം /ഭാഷ/ സമൂഹം/ എഴുത്തിന്റെ രീതി/കാലം /സംഭവങ്ങൾ/ ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ  തുടങ്ങി ആസ്വാദനത്തിന്റെ വിവിധ തലങ്ങളെ മുൻനിർത്തിയുള്ള ചർച്ചകൾ നടക്കണം. ഓരോ കുട്ടിയുടെയും  അവതരണത്തോടൊപ്പം മറ്റ് കുട്ടികൾക്കും അഭിപ്രായം പറയാനുള്ള അവസരം ഉണ്ടാക്കണം. അതിനുശേഷം ഏതെങ്കിലും ഒരു കൃതിയുടെ ആസ്വാദനം അധ്യാപകന് അവതരിപ്പിക്കാം.

ഒരു കഥ /കവിത കുട്ടികൾക്ക് നൽകി ആസ്വാദന കുറിപ്പുകൾ തയ്യാറാക്കണം. ഇങ്ങനെ തയ്യാറാക്കുന്ന കുറിപ്പുകളും ചർച്ചയിലെ സജീവ പങ്കാളിത്തവും പരിഗണിക്കണം.

കൂടാതെ  ലഭ്യമായ ക്ലാസ് റൂം അനുഭവങ്ങളുടേയും മറ്റ് വായനാനുഭവങ്ങളെയും അടിസ്ഥാനമാക്കി സാഹിത്യ പ്രശ്നോത്തരി നടത്തണം. വായനയുടെ ഉള്ളറകളിലേക്ക് തെളിച്ചം നൽകുന്നതായിരിക്കണം ഈ പ്രശ്നോത്തരി. ഇങ്ങനെ എല്ലാ

മേഖലകളിലും മികവു പുലർത്തുന്ന 2/3 കുട്ടികളെ സ്കൂൾതല ശിൽപ്പശാലയിൽ പങ്കെടുപ്പിക്കണം.

6. <u>ചിത്രരചന (ജലച്ഛായം)</u>

ക്ലാസിൽ ചർച്ചചെയ്ത കഥ, കവിത ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ കുട്ടിക്ക് ചില ധാരണകൾ പുതുതായി രൂപപ്പെട്ടിട്ടുണ്ടാകണം. ക്ലാസിലെ എല്ലാ കുട്ടികൾക്കും വരയ്ക്കാനുള്ള അവസരം ഒരുക്കലാണ് പ്രധാനകാര്യം. ക്ലാസിലെ എല്ലാവരും നല്ല ചിത്രം വരയ്ക്കുന്നവരായിക്കൊള്ളണമെന്നില്ല. എങ്കിലും പങ്കാളിത്തം അവർക്ക് കൂടുതൽ സാധ്യതകൾ നൽകുന്നു.

കഥ/കവിത/പാട്ട് എന്നിവയിലെ ഏതെങ്കിലും പ്രത്യേക  സന്ദർഭങ്ങൾ രചനയ്ക്ക് വിധേയമാക്കാവുന്ന്താണ. വായനയിലൂടെ ചിത്രരചനയിലേർപ്പെടാൻ കഴിയണം. ഭാവനയെ കൂടുതൽ തീവ്രമായി അവതരിപ്പിക്കാൻ ഇതുകൊണ്ട് സാധിക്കും.

ഇങ്ങനെ മികച്ച ചിത്രരചന നടത്തിയ 2/3 കുട്ടികളെ സ്കൂൾതല മത്സരത്തിലേക്ക് പങ്കെടുപ്പിക്കണം. ക്രയോൺ ചിത്രങ്ങൾ വരയ്ക്കാനുള്ള അവസരവും ഇതിന്റെ ഭാഗമായി  നൽകാവുന്നതാണ്. കുട്ടികൾ വരച്ച ചിത്രങ്ങൾ  ഉൾപ്പെടുത്തി ചിത്രപ്രദർശനം വിദ്യാലയത്തിൽ നടത്തണം.

7. <u>തിരക്കഥ</u>

ഒരു ഹ്രസ്വചിത്രം കുട്ടികളെ കാണിക്കണം. (അഞ്ചോ, പത്തോ മിനുട്ട് ദൈർഘ്യം) ഇതിന്റെ തിരക്കഥ എഴുതാൻ കുട്ടികളോട് നിർദ്ദേശിക്കണം. ഒരു ദൃശ്യാവിഷ്കരണത്തിന്റെ സാധ്യതയ്ക്കുവേണ്ടി കഥയെ എങ്ങനെ തിരക്കഥയാക്കാം എന്ന ധാരണ രൂപപ്പെടണം.

തിരക്കഥ പുസ്തകങ്ങൾ/ സിനിമ/കഥ എന്നിവ പരിചയപ്പെടണം. ഒരു ചെറിയ കഥ നൽകി തിരക്കഥയാക്കാൻ നിർദ്ദേശിക്കാം. കുട്ടികൾക്ക് ഏറെ പരിചിതമല്ലാത്ത മേഖലയായതിനാൽ പ്രത്യേക ശ്രദ്ധ നൽകണം. മികച്ച രചന നടത്തിയ 2/3 കുട്ടികളെ സ്കൂൾതല ശിൽപ്പശാലയിലേക്ക് കണ്ടെത്തണം.

## സ്കൂൾതലം

രജിസ്ട്രേഷൻ - 9.30

ഉദ്ഘാടനം - 10-10.30

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ., എസ്.എസ്.ജി. എന്നിവയുടെ സഹകരണം ഉറപ്പാക്കണം.

കേരളം കേരളം കേളികൊട്ടുയരുന്ന കേരളം

എന്ന ഗാനം പൊതുവായി ചൊല്ലുന്നു.

എല്ലാവരും ചേർന്ന് ഗാനം ആലപിക്കുന്നു.

വായനാ സാമഗ്രികൾ, എഴുതാനും വരയ്ക്കാനും ആവശ്യമായ വസ്തുക്കൾ എന്നിവ മുൻകൂട്ടി തയ്യാറാക്കണം.

വിവിധ വിഭാഗങ്ങളായി കുട്ടികൾ തിരിയുന്നു.

ഓരോ വിഭാഗത്തിലും ക്ലാസ് തലത്തിൽ നടന്നപോലെ വ്യത്യസ്ത കാര്യങ്ങൾ പരിചയപ്പെടാനുള്ള അവസരം ഉണ്ടാകണം.

കഥയരങ്ങ്, പദ്യകേളി, നാടൻപാട്ടുകൾ, പുസ്തക നിരൂപണം, കവിയരങ്ങ്, ചിത്രപ്പുര, തിരക്കഥ തുടങ്ങി വിവിധ സെഷനുകളിലൂടെ കുട്ടികൾക്ക് പുതിയ അറിവുകൾ ലഭിക്കണം.

ഇങ്ങനെ ഓരോ വിഭാഗത്തിൽനിന്നും 2 കുട്ടികളെവീതം ഉപജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കണം.

**<u>ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>**

സ്കൂൾതല ശിൽപ്പശാല ഒരു ദിവസം നീണ്ടുനിൽക്കുന്ന രീതിയിൽ സംഘടിപ്പിക്കണം. (സ്കൂൾ ഒഴിവു ദിവസം) തെരഞ്ഞെടുക്കണം. ക്ലാസ് തല ശിൽപ്പശാലകൾ സമയബന്ധിതമായി തീർക്കാനുള്ള ഒരുക്കങ്ങൾ നടത്തണം.

സ്കൂൾതല ശിൽപ്പശാലയിൽ പ്രാദേശികമായി ലഭ്യമാകുന്ന വ്യക്തികളുടെ സേവനം/ വിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തണം. വിവിധ മേഖലകളിൽ കുട്ടികളുമായി ഇടപെടാൻ കഴിവുള്ളവരെ പങ്കെടുപ്പിക്കണം.

ക്ലാസ്തല ശിൽപ്പശാലയിൽ ഒന്നിലധികം മേഖലകളിൽ മികവ് കാട്ടിയ കുട്ടികൾ സ്കൂൾതല ശിൽപ്പശാലയിൽ പങ്കെടുക്കുമ്പോൾ ഒരു മേഖല സ്വന്തമായി തെരഞ്ഞെടുക്കണം.

വിദ്യാലയത്തിൽ ശിൽപ്പശാലയോടനുബന്ധിച്ച് പുസ്തക പ്രദർശനം, ചിത്രപ്രദർശനം എന്നിവ സംഘടിപ്പിക്കണം.